## പതിനാലാം കേരള നിയമസഭ
### പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.576 — 05.06.2018-ൽ മറുപടിയ്ക്ക്

**ലോട്ടറി ടിക്കറ്റ് അച്ചടിയിൽ ഉണ്ടാകുന്ന അപാകതകൾ**

| ചോദ്യം<br>ശ്രീ.ഡി.കെ. മുരളി : | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ലോട്ടറി ടിക്കറ്റ് അച്ചടിയിൽ ഉണ്ടാകുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ)<br>&<br>(ബി) | തിരുവനന്തപുരം സി-ആപ്റ്റ് പ്രസ്സിൽ അച്ചടിച്ചിരുന്ന സ്ത്രീശക്തി ഭാഗ്യക്കുറിയിൽ നിരന്തരം അച്ചടിപ്പിശകുകളും അപാകതകളും ഉണ്ടായതിനെ തുടർന്ന് പ്രസ്തുത ഭാഗ്യക്കുറിയുടെ അച്ചടി എറണാകുളം KBPS-ലേക്ക് മാറ്റുകയുണ്ടായി. അപാകതകൾ ഒഴിവാക്കുന്നതിന് പ്രസ് അധികാരികൾക്ക് കർശന നിർദ്ദേശം നൽകിവരുന്നുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ അവ പരിഹരിക്കാൻ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | | |
| (സി) | ലോട്ടറി ടിക്കറ്റ് വിൽക്കുന്ന ഏജന്റുമാർക്ക് നിലവിൽ ലഭിക്കുന്ന കമ്മീഷന്റെ വിശദവിവരങ്ങൾ നൽകാമോ; | (സി) | പ്രതിവാര ഭാഗ്യക്കുറികൾക്ക് 2000 ടിക്കറ്റുകൾ വരെ 24 %, 2001 മുതൽ 10,000 ടിക്കറ്റുകൾ വരെ 24.5 %, 10,000 ടിക്കറ്റിന് മുകളിൽ 25.25 % എന്ന നിരക്കിലും ബമ്പർ ടിക്കറ്റുകൾക്ക് 1000 ടിക്കറ്റുകൾ വരെ 24 %, 1000 ടിക്കറ്റിന് മുകളിൽ 25 % എന്ന നിരക്കിലുമാണ് നിലവിൽ ഡിസ്കൗണ്ട് / കമ്മീഷൻ അനുവദിച്ചിട്ടുള്ളത്. |
| (ഡി) | കമ്മീഷൻ പരിഷ്കരിക്കുന്നത് സംബന്ധിച്ച് ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ നൽകാമോ? | (ഡി) | കാരുണ്യ, കാരുണ്യ പ്ലസ് എന്നീ ഭാഗ്യക്കുറികളുടെ കമ്മീഷൻ നിരക്ക് പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ തലത്തിൽ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ